# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 28 ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കയറും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി

## ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകം

*61 ശ്രീ. കെ. വി. വിജയദാസ്
,, സി. കൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് യാത്രാനിരക്ക് വർദ്ധന ഏതെല്ലാം നിലക്കുള്ള ബുദ്ധിമുട്ടുകളാണ് യാത്രക്കാർക്കുണ്ടാക്കിയിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വർദ്ധനയുമായി ബന്ധപ്പെട്ട് ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് ഏജൻസിയുടെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് ഫെയർസ്റ്റേജ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>വ്യാജമരുന്ന് വില്‍പ്പന</u>

*62 ശ്രീ. ഇ.കെ. വിജയന്‍
,, മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ.എസ്. ബിജിമോള്‍
ശ്രീ. ജി.എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യാജമരുന്നുകള്‍ യഥേഷ്ടം വിറ്റഴിക്കുന്നതായുള്ള റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് പരാതികള്‍ ലഭിച്ചിട്ടുണ്ടോ ; ഈ വര്‍ഷം എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വ്യാജമരുന്നുകളുടെ വില്പന തടയുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

*63 ശ്രീ. ബി. ഡി. ദേവസ്സി
,, ജി. സുധാകരൻ
,, എളമരം കരീം
,, കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) കോർപ്പറേഷന്റെ ഈ വർഷത്തെ പ്രവർത്തന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിച്ച് വിശദമാക്കാമോ;

(സി) യാത്രാബോട്ടുകൾ നിർമ്മിക്കുന്നതിനായി കോർപ്പറേഷന് എത്ര ഓർഡറുകൾ ലഭിച്ചിട്ടുണ്ട്; സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചവ എത്ര; ഇവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ജീവൻരക്ഷാ മരുന്നുകളുടെ ദൗർലഭ്യം

*64 ശ്രീ. ബാബു എം. പാലിശ്ശേരി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ക്യാൻസർ ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവൻ രക്ഷാ മരുന്നുകൾ പോലും ലഭ്യമല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരമൊരു അവസ്ഥ സംജാതമാകാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എല്ലാ ആശുപത്രികളിലും ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതി

*65 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതി നടത്തിപ്പ് തൃപ്തികരമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്യുകയുണ്ടായോ ; പദ്ധതി വിഭാവനം ചെയ്ത നിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഓരോ ജില്ലയിലും ഈ പദ്ധതി പ്രകാരം സജ്ജമാക്കിയ ആംബുലൻസുകൾ എത്രയുണ്ട് ; ഇവയിൽ ഇപ്പോൾ എത്രയെണ്ണം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്; പുതുതായി ആംബുലൻസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനുമുളള പ്രവർത്തനങ്ങൾ</u>

*66 ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, എ.റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനുമുളള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനുവേണ്ടി പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഡാം ബ്രേക്ക് അനാലിസിസ് നടത്തുന്നതിന് വിദഗ്ദ ഏജൻസിയെ ചുമതലപ്പെടുത്തുമോ;

(ഇ) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(എഫ്) അനാലിസിസ് ഏതൊക്കെ പ്രദേശത്താണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>പൈക്ക പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>

*67 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) കായിക മത്സരങ്ങളുടെ ഭൗതികസാഹചര്യം ഒരുക്കുവാൻ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ഇ) സംസ്ഥാന / ദേശീയ തലത്തിൽ പൈക്ക മത്സരത്തിൽ വിജയിക്കുന്നവർക്ക് തുടർവിദ്യാഭ്യാസത്തിനും ജോലി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം</u>

*68 ശ്രീ. പി. ബി. അഹ്ദുള്‍ റസാക്
,, കെ. എം. ഷാജി
,, പി. കെ. ബഷീര്‍
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം അവലോകനം ചെയ്യാറുണ്ടോ;

(ബി) എങ്കില്‍ ഏറ്റവും ഒടുവില്‍ എന്നാണ് അവലോകനം നടത്തിയത്; അവലോകന വിവരങ്ങള്‍ ലഭ്യമാക്കുമോ;

(സി) കുടുംബക്ഷേമ പ്രവര്‍ത്തനങ്ങളുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ അമ്മമാര്‍ക്കും കുട്ടികള്‍ക്കും വേണ്ടി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം നല്‍കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പില്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍മാര്‍ക്ക് നല്‍കിയിട്ടുള്ള ഉത്തരവാദിത്തങ്ങള്‍ വിശദമാക്കുമോ;

(ഇ) കഴിഞ്ഞ അഞ്ചുവര്‍ഷക്കാലം കുടുംബക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്ക് നീക്കിവച്ചതും ചെലവഴിച്ചതുമായ തുകയുടെ പ്രതിവര്‍ഷക്കണക്ക് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനറിപ്പോർട്ട്</u>

*69 ശ്രീ. രാജു എബ്രഹാം
,, എം.എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് സുപ്രീംകോടതിയുടെ ഉന്നതാധികാര സമിതി അംഗീകരിച്ചിട്ടുണ്ടോ;

(ബി) അണക്കെട്ടിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കും; എന്തു തുക എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര കോടിയാണ്;

(സി) പദ്ധതിയുടെ പരിസ്ഥിതി പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; എത്ര ഹെക്ടർ വനഭൂമി ഇതിനായി ഉപയോഗിക്കേണ്ടതായി വരും;

(ഡി) നിലവിലുള്ള അണക്കെട്ടിൽ വീണ്ടും പൊട്ടലുകൾ ഉണ്ടായിട്ടുണ്ടോ; ഉന്നതാധികാര സമിതിയെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - കാസർഗോഡ് ള്ള ദേശീയ ജലപാത</u>

*70 ശ്രീ. ജെയിംസ് മാത്യു
,, കോടിയേരി ബാലകൃഷ്ണൻ
,, പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജല പാത നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കേന്ദ്ര സർക്കാരിന്റെ ജലമാർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി ഇത് പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) 2011-12 വർഷത്തിൽ ഈ പദ്ധതിക്ക് വകയിരുത്തിയ തുകയിൽ ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ ജലപാത പദ്ധതിയ്ക്ക് എന്തു തുക വകയിരുത്താനുദ്ദേശിക്കുന്നു. ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ നടപടി

*71 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈവേകളിലെ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് ഗതാഗതവകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) കൊമേഴ്സ്യൽ വാഹനങ്ങൾക്ക് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസസ് ടാഗ്സ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും എങ്ങനെയാണ്;

(ഡി) ഇത് നടപ്പാക്കുന്നതിന് മുൻപായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

പ്ലാസ്റ്റിക് വസ്തുക്കള്‍

T *72 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മമ്മൂട്ടി
,, എം.പി.അബ്ദുസ്സമദ് സമദാനി
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി സൗഹൃദമല്ലാത്തതും ജീവജാലങ്ങളുടെ ആരോഗ്യത്തിനും നിലനില്പിനും ഹാനികരമായതുമായ വിഷവസ്തുക്കളടങ്ങിയ പ്ലാസ്റ്റിക് വസ്തുക്കള്‍ നമ്മുടെ മാര്‍ക്കറ്റുകളില്‍ വിറ്റഴിക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇറക്കുമതിയിലൂടെയോ അല്ലാതെയോ മാര്‍ക്കറ്റുകളിലെത്തിച്ച് വിപണനം നടത്തുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഗുണനിലവാരത്തെക്കുറിച്ചോ അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചോ എന്തെങ്കിലും പഠനമോ പരിശോധനയോ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന താലേറ്റ് എന്ന പേരിലറിയപ്പെടുന്ന താലിക് അമ്ലം പ്ലാസ്റ്റിക് നിര്‍മ്മിതിയില്‍ ഉപയോഗിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം നല്‍കുമോ;

(ഡി) കണ്ണഞ്ചിപ്പിക്കുന്ന നിറത്തിലും, കൊച്ചുകുട്ടികള്‍ക്ക് ഹാനികരമെന്ന മുന്നറിയിപ്പോടെയും മാര്‍ക്കറ്റുകളില്‍ വന്നു നിറയുന്ന വിലകുറഞ്ഞ കളിപ്പാട്ടങ്ങളുടെയും മറ്റു നിത്യോപയോഗ വസ്തുക്കളുടെയും ഉറവിടത്തെക്കുറിച്ചും അവ ജീവജാലങ്ങള്‍ക്കും മണ്ണിനും കുടിവെള്ളത്തിനും ഉണ്ടാക്കാവുന്ന ദോഷങ്ങളെക്കുറിച്ചും അടിയന്തിരമായി സമഗ്രപഠനം നടത്താനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ബ്രൂസില്ലസിസ് രോഗം

*73 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആടുകളിൽ നിന്നും പശുക്കളിൽ നിന്നും പടരുന്ന മാരകമായ ബ്രൂസില്ലസിസ് (മാർട്ട്ഫിവർ) ബാധിച്ച് ആരെങ്കിലും മരണപ്പെട്ടതായി രക്തസാമ്പിളുകൾ പരിശോധിച്ച് സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗം പടരാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

റീ എമര്‍ജിംഗ് ഇന്‍ഫെക്ഷ്യസ് റിപ്പോര്‍ട്ട്

*74 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനില്‍കുമാര്‍
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ സര്‍വ്വകലാശാല തയ്യാറാക്കിയ റീ എമര്‍ജിംഗ് ഇന്‍ഫെക്ഷ്യസ് എന്ന റിപ്പോര്‍ട്ട് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ മാറിയ രോഗങ്ങള്‍ പലതും തിരിച്ചു വരാന്‍ സാദ്ധ്യതയുണ്ടെന്ന നിഗമനം ശരിയാണോ;

(ബി) ഈ രോഗങ്ങളുടെ തിരിച്ചു വരവിനെ പ്രതിരോധിക്കാന്‍ എന്തെങ്കിലും നടപടികള്‍ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തിരിച്ചുവരാന്‍ സാദ്ധ്യതയുള്ള ഏതെല്ലാം രോഗങ്ങളെക്കുറിച്ചാണ് റിപ്പോര്‍ട്ടില്‍ പരാമര്‍ശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണം</u>

*75 ശ്രീ. എം. ഉമ്മർ
,, എം.പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പുതിയ അണക്കെട്ടു വരുമ്പോൾ നിലവിലെ അണക്കെട്ട് എന്തു ചെയ്യണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ തീരുമാനത്തിന്റെ വിശദവിവരം നൽകാമോ;

(ഡി) അണക്കെട്ട് പൊളിച്ചു മാറ്റുന്നതിനുള്ള സാങ്കേതിക ജ്ഞാനം ലഭ്യമാണോ;

(ഇ) പുതിയ ഡാം നിർമ്മിക്കുമ്പോൾ പഴയ ഡാം പൂർണ്ണമായും പൊളിച്ചു മാറ്റേണ്ടത് അനിവാര്യമാണെന്നു കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ജി) ഇക്കാര്യത്തിൽ ലഭ്യമാക്കാനുദ്ദേശിക്കുന്ന വിദഗ്ധ ഉപദേശം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കേടായ ഉപകരണങ്ങള്‍ നന്നാക്കാന്‍ നടപടി</u>

*76 ശ്രീ. സി. എഫ്. തോമസ്
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് ആശുപത്രികളില്‍ കേടായിക്കിടക്കുന്ന ഉപകരണങ്ങള്‍ നന്നാക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങള്‍ എന്താണ്;

(ബി) കേടായിക്കിടക്കുന്ന ഉപകരണങ്ങള്‍ സമയബന്ധിതമായി നന്നാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മരുന്നുകളുടേയും ശസ്ത്രക്രിയാ ഉപകരണങ്ങളുടേയും വില്പന</u>

*77 ശ്രീ. എം.എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. ദാസൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടേയും ശസ്ത്രക്രിയാ ഉപകരണങ്ങളുടേയും വിതരണം പൂർണ്ണമായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) മരുന്നുകളും ശസ്ത്രക്രിയാ ഉപകരണങ്ങളും വിതരണം ചെയ്യുന്ന കമ്പനികളെ നിയന്ത്രിക്കാൻ തയ്യാറാകുമോ ; എങ്കിൽ എപ്രകാരം നിയന്ത്രിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) മരുന്നു കമ്പനികൾ മരുന്നുകളുടെ വില നിർണ്ണയിക്കുന്നതിനെ നിയന്ത്രിക്കാനുതകുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

*78 ഡോ. എൻ. ജയരാജ്
ശ്രീ.തോമസ് ഉണ്ണിയാടൻ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്. ആർ.ടി.സി.യിൽ എത്ര എംപാനൽ ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തടസ്സമായി നില്ക്കുന്ന സംഗതി എന്താണ് ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമാണ് ; സ്ഥിരപ്പെടുത്തലിന് സീനിയോറിറ്റി മാനദണ്ഡമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

*79 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാല് ജില്ലകളിൽ ആരംഭിക്കും എന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇവ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>അര്‍ബുദരോഗ ചികിത്സാ കേന്ദ്രങ്ങള്‍</u>

*80 ശ്രീ. ഹൈബി ഈഡന്‍
,, പി. സി. വിഷ്ണുനാഥ്
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അര്‍ബുദ രോഗികളുടെ ചികിത്സയ്ക്കും ആശ്വാസത്തിനും എന്തെല്ലാം കര്‍മ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ എല്ലാ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലും അര്‍ബുദ ചികിത്സാ കേന്ദ്രങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സര്‍ക്കാര്‍ ആശുപത്രികളില്‍ പുതിയ അര്‍ബുദ ചികിത്സാ കേന്ദ്രങ്ങള്‍ തുറക്കുമോ;

(ഡി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം</u>

*81 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; പരിഹാര നടപടികൾ സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) ആധുനിക സാഹചര്യങ്ങൾക്കും ആവശ്യകതയ്ക്കും അനുസരണമായ പുതിയ പഠനകോഴ്സുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന കാര്യത്തിൽ യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റി നിലവിൽ വന്നശേഷം പുതിയ കോഴ്സുകൾക്ക് അനുമതി നല്കിയത് സംബന്ധിച്ച വിശദവിവരം സർക്കാർ / സ്വാശ്രയ സ്ഥാപനം എന്ന ക്രമത്തിൽ നല്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ഗ്ലോബൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക് റിപ്പോർട്ട്</u>

*82 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.എൻ.ആർ-ന്റെ കീഴിലുള്ള ലോകാരോഗ്യ സംഘടന കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഗ്ലോബൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ, ഡയബറ്റിസ്, കാർഡിയോ വാസ്കുലാർ ഡിസീസസ് ആന്റ് സ്ട്രോക് (എൻ.പി.സി.ഡി.സി.എസ്) എന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ശബരിമല ആരോഗ്യപാക്കേജ്</u>

*83 ശ്രീ. വി.പി. സജീന്ദ്രന്‍
,, കെ. ശിവദാസന്‍ നായര്‍
,, പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശബരിമലയിലെ അപകടങ്ങള്‍ നേരിടാനും ആരോഗ്യ പ്രശ്നങ്ങള്‍ക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് ആരോഗ്യ വകുപ്പ് കൈക്കൊണ്ടിരിക്കുന്നത്;

(ബി) ഇത്തരം പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിനായി ഒരു ആരോഗ്യ പാക്കേജ് തയ്യാറാക്കി കേന്ദ്രഗവണ്‍മെന്റിന് സമര്‍പ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) എത്ര കോടി രൂപയ്ക്കാണ് പാക്കേജ് സമര്‍പ്പിച്ചിട്ടുള്ളത്;

(ഡി) ഈ പാക്കേജിനെക്കുറിച്ച് കേന്ദ്ര സര്‍ക്കാരിന്റെ നിലപാട് സംസ്ഥാന സര്‍ക്കാരിനെ അറിയിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

*84 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്ന് ചകിരി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കുറഞ്ഞ വിലയ്ക്ക് മരുന്നു ലഭ്യമാക്കൽ

*85 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ നടപടികൾക്ക് തടസ്സം നിൽക്കുന്നത് മരുന്നുവിതരണക്കാരുടെ ഏതൊക്കെ സംഘടനകളാണെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്നു കമ്പനി ഉടമകളുമായുള്ള ആരോഗ്യ വകുപ്പധികൃതരുടെ യോഗം മാറ്റിവയ്ക്കേണ്ടി വന്നത് ഈ സംഘടനകളുടെ ഇടപെടലിനെ തുടർന്നാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഘടനകളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ഡ്രഗ്സ് കൺട്രോളറും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകളായി ഉയർത്താനുള്ള നിർദ്ദേശം</u>

*86 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ഹംസ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശ ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ പഠനങ്ങൾ നടത്തുന്നതിനായി ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് മുൻ സർക്കാർ കേന്ദ്ര സർക്കാരിനോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്കോ എന്തെങ്കിലും നിർദ്ദേശം സമർപ്പിക്കുകയുണ്ടായോ;

(ഡി) ഈ ആവശ്യത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മൂലധനം സ്വരൂപിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ

## 28.09.2011-ലെ മറുപടിക്ക്

**സര്‍ക്കാര്‍ ആശുപത്രികളില്‍ ഡോക്ടര്‍മാരുടെ തസ്തികകള്‍ വര്‍ദ്ധിപ്പിക്കാന്‍ നടപടി**

*87 ശ്രീ. കെ. കെ. നാരായണന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, പുരുഷന്‍ കടലുണ്ടി
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളിലെ ഡോക്ടര്‍മാരുടെ തസ്തികകള്‍ വര്‍ദ്ധിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ ഏതെല്ലാം ഗ്രേഡിലുള്ള ആശുപത്രികളില്‍ എത്ര തസ്തികകള്‍ വീതം ;

(ബി) ഇപ്പോള്‍ സംസ്ഥാനത്താകെ എത്ര ഡോക്ടര്‍മാരുടെ ഒഴിവുകള്‍ ഉണ്ട്; ഒഴിവുകള്‍ നികത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(സി) പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഈ ലിസ്റ്റില്‍ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഡോക്ടര്‍മാരില്ലാത്തുമൂലം എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങള്‍ പ്രവര്‍ത്തനരഹിതമായിട്ടുണ്ട്?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>തൊഴിൽമേളകൾ വ്യാപകമാക്കുവാൻ നടപടി</u>

*88 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി തൊഴിൽ മേളകൾ നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ ;

(സി) ഈ തൊഴിൽ മേളയിൽ ആരുടെയൊക്കെ പങ്കാളിത്തം ഉണ്ടായിരുന്നു ;

(ഡി) എത്ര പേർക്ക് തൊഴിൽ മേളയുടെ പ്രയോജനം ഉണ്ടായി ;

(ഇ) ഈ തൊഴിൽ മേള വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) എങ്കിൽ ഇത്തരം തൊഴിൽ മേളകൾ ഇടക്കിടെ നടത്തുവാനും വ്യാപകമാക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ</u>

*89 ശ്രീ. പാലോട് രവി
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ തീർത്ഥാടകർക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സന്നിധാനത്തും പരിസരങ്ങളിലും എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) കേന്ദ്രസർക്കാരും അയൽ സംസ്ഥാനങ്ങളും തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) ശബരിമലയെ മാലിന്യമുക്തമാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>രോഗപ്രതിരോധ കുത്തിവെയ്പുകൾ</u>

*90 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവും ഭക്ഷണരീതിയിലെ മാറ്റവും കാരണം നിർമ്മാർജ്ജനം ചെയ്തുവെന്ന് അവകാശപ്പെടുന്ന രോഗങ്ങൾ പലതും വീണ്ടും ഉണ്ടാകുന്നുവെന്ന കാര്യം ഗൗരവത്തോടെ കണക്കിലെടുക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ നവജാത ശിശുവിന് ടെറ്റനസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിരോധ കുത്തിവെയ്പ്പുകൾ ലഭിക്കാത്ത കുട്ടികളുടെ എണ്ണം ജില്ലയിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ ;

(ഇ) രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ ഊർജ്ജിതപ്പെടുത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 19.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.